LIBRARY ARCHIVES Kerala Legislative Assembly

ശിശുമന്ദിരങ്ങളിൽ ജോലി ചെയ്യുന്ന ഓണറേറിയം ജീവനക്കാർ

344 (1818) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് കീഴിലുള്ള ശിശുമന്ദിരങ്ങളിൽ ജോലി ചെയ്യുന്ന ഓണറേറിയം ജീവനക്കാരെ പാർടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്കും അംഗൻവാടി ജീവനക്കാർക്ക് നിലവിൽ ലഭിക്കുന്ന വേതനമെങ്കിലും നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പഞ്ചായത്തുകൾക്ക് കീഴിൽ പതിനൊന്നിന പരിപാടി പ്രകാരം നിർമ്മിക്കപ്പെട്ട ശിശുമന്ദിരങ്ങളിൽ 2000 ഡിസംബർ 31-ന് മുമ്പ് ഓണറേറിയം വ്യവസ്ഥയിൽ പ്രവേശിച്ച് ജോലിയിൽ തുടർന്നുവന്നിരുന്ന 166 നഴ്സറി ടീച്ചർമാരേയും 145 ആയമാരേയും വിവിധ ഘട്ടങ്ങളിലായി പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെടാത്തതും പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ പ്രവേശിച്ച് 10 വർഷമായി തുടർന്നുവരുന്നവരേയും സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ബാധകമല്ല.

അംഗൻവാടികൾക്ക് പുതിയതായി കെട്ടിടം

345 (1819) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ, വക്കം, മണമ്പൂർ, ഒറ്റൂർ, കിളിമാനൂർ, പഴയകുന്നുമ്മേൽ, കരവാരം, നഗരൂർ, പുളിമാത്ത് ഗ്രാമപഞ്ചായത്തുകളിലും ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിലും 2011 ജനുവരിക്ക് ശേഷം ഇതുവരെ ഏതെല്ലാം അംഗൻവാടികൾക്ക് പുതിയതായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും എത്ര തുക വീതമാണ് ഓരോന്നിനും അനുവദിച്ചതെന്നും ഫണ്ട് ലഭ്യമായത് എവിടെ നിന്നാണെന്നും തദ്ദേശഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഫണ്ട് ലഭ്യമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കേണ്ടത് എവിടെയൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫണ്ട് ലഭ്യമായതിൽ നിർമ്മാണം ആരംഭിക്കാത്ത അംഗൻവാടികൾ ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.